# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ: 284**

**23.03.2015 - ൽ**
**മറുപടിക്ക്**

## നീര ഉൽപാദന യൂണിറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**<br>**ശ്രീ.കെ.കെ.നാരായണൻ**<br>**ശ്രീ.കെ. ദാസൻ**<br>**ശ്രീ.സി.രവീന്ദ്രനാഥ്** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **എ)** നീര ഉൽപാദന യൂണിറ്റ് എവിടെ യെങ്കിലും ആരംഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ ; | **എ)** കൃഷി വകുപ്പിന്റെ കീഴിൽ കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീരയുടെയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയുടെയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി, നീലേശ്വരം കേന്ദ്രമാക്കി, നീര പൈലറ്റ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ നാളികേര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിലെ എലത്തൂരിൽ പ്രതിദിനം 300 ലിറ്റർ സംസ്കരണ ശേഷിയുള്ള ഒരു നീര ഉല്പാദന യൂണിറ്റ് ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. |
| **ബി)** നീരയ്ക്ക് ഏറെ ജനപ്രീതി ലഭിച്ച സ്ഥിതിക്ക് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; | **ബി)** നീര ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനും നീരയെ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുന്നതിനും ഇതിലൂടെ തെങ്ങ് കൂടുതൽ ആദായകരമായി കൃഷി ചെയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സംഘങ്ങളെ സഹായിക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെയാണ്, കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തിക്കൊണ്ട് നാളികേര-നീര ബോർഡ് രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നത്. നാളികേര-നീര ബോർഡ് യോഗങ്ങൾ സംഘടിപ്പിച്ചുകൊണ്ട് നീര ഉല്പാദനത്തിനും വിപണനത്തിനുമുള്ള അംഗീകാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. |
| **സി)** നീര ഉൽപാദനത്തിന് ഇപ്പോൾ നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യകതമാക്കാമോ? | **സി)** നീര ഉല്പാദനത്തിന് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ ഒന്നും തന്നെ നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**